# കോവിഡ് സമയത്തെ കുടുംബശ്രീ സി.ഡി.എസ്സ്

ബ്ലോക്ക് - ളാലം

സി.ഡി.എസ്സ് - കരൂർ

കേരളം ലോകത്തിനു സംഭാവന ചെയ്ത ഏറ്റവും മഹത്തായ സ്ത്രീ മുന്നേറ്റ ശാക്തീകരണ പ്രസ്ഥാനമാണ് കുടുംബശ്രീ സംഘടനാ സംവിധാനം.കുടുംബശ്രീ എന്ന സാമുഹിക, സാമൂഹ്യ സംഘടന സംവിധാനത്തിന്റെ വരവോടെ കേരളത്തിൽ, പ്രത്യേകിച്ചും സാധാരണക്കാരായ സ്ത്രീകൾക്കും അതുവഴി സമൂഹത്തിനും അഭിനന്ദാർഹമായ പുരോഗതി കൈവരിക്കാനായി. സമൂഹത്തിൽ വ്യക്തമായ സ്ഥാനം നേടിയെടുക്കുന്നതിനും മുഖ്യധാരയിലേക്ക് കടന്നു വരുന്നതിനും സ്വന്തം അവകാശങ്ങളെകുറിച്ച് അറിവ് നേടുന്നതിനും കുടുംബശ്രീ പ്രവർത്തനങ്ങൾ വഴി സാധിച്ചു.

ലോക ജനത ഒന്നടങ്കം ഭീതിയോടെ കണ്ട മഹാമാരി ആണ് കോവിഡ്19.ഒട്ടേറെ മനുഷ്യ ജീവന് ഭീഷണി ആയ ഈ മഹാമാരിയെ മുന്നിൽ കണ്ട് കുടുംബശ്രീ എന്ന സ്ത്രീ കൂട്ടായ്മ ഒന്നടങ്കം സമൂഹത്തിൽ സജീവമായി പ്രവർത്തിക്കുകയുണ്ടായി.ക്വാറന്റൈനിൽ കഴിയുന്ന ഒട്ടേറെ ജനങ്ങൾക്ക് പ്രയോജനകരമായി പ്രവർത്തിക്കാൻ ഈ കൂട്ടായ്മക്ക് സാധിച്ചു.കുടുംബശ്രീയുടെ ഇടപെടലുകൾ ഒട്ടേറെ നടക്കുകയുണ്ടായി.കോട്ടയം ജില്ലയിലെ കരൂർ പഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്സും ഒട്ടേറെ പ്രവർത്തനങ്ങൾ സമൂഹത്തിനു മുന്നിൽ കാഴ്ചവെച്ചു മാതൃകയായി.

## കമ്മ്യൂണിറ്റി കിച്ചൺ

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ കുടുംബശ്രീ കൂട്ടായ്മ വഴി സമൂഹ അടുക്കള എന്ന ദൗത്യം ലക്ഷ്യം വയ്ക്കുകയുണ്ടായി.മികച്ചരീതിയിൽ ആ ഒരു ദൗത്യത്തിനെ വിജയിപ്പിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു.കരൂർ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കരൂർ കുടുംബശ്രീ സി.ഡി.എസ്സ് സമൂഹ അടുക്കള നടത്തുകയുണ്ടായി.നല്ലരീതിയിൽ തന്നെ വിജയിപ്പിച്ചു.51ദിവസം

വളരെ മികച്ച രീതിയിൽ സമൂഹ അടുക്കള നടത്താൻ സി.ഡി.എസ്സ് ചെയർപേഴ്സണും,അക്കൗണ്ടന്റും,കുടുംബശ്രീ അംഗങ്ങളും നല്ല മനസ്സ് കാണിച്ചു. ക്വാറന്റൈനിൽ കഴിയുന്ന ജനങ്ങൾക്ക് ഭക്ഷണം നൽകുക എന്ന ലക്ഷ്യത്തോടെ ആണ് സമൂഹ അടുക്കള പ്രവർത്തിച്ചിരുന്നത്.  കരൂർ പഞ്ചായത്തിലെ നെച്ചിപ്പുഴൂർ വാർഡ് ലെ സ്കൂളിൽ ആണ് കിച്ചൺ നടത്തിയിരുന്നത്.2 ബാലസഭാകുട്ടികൾ 6 വീടുകളിൽ ഉച്ചഭക്ഷണം കൊടുത്തു മാതൃകയായി. ഒത്തിരിപേർക്ക് പ്രയോജനകരമായിമായിമാറി  ഈ ഒരു ദൗത്യം.



<u>സന്നദ്ധ സേന രെജിസ്ട്രേഷൻ</u>

കമ്മ്യൂണിറ്റി കിച്ചനിലും മറ്റുമായി സേവനത്തിൽ ഏർപ്പെട്ടിരുന്ന കുടുംബശ്രീ അംഗങ്ങൾ സന്നദ്ധ സേന  രെജിസ്ട്രേഷൻ ചെയ്തിട്ടുണ്ട്.

## <u>ക്യാരി ബാഗ് നിർമ്മാണം</u>

**കേരള സർക്കാർ ജനുവരി ഒന്ന് മുതൽ പ്ലാസ്റ്റിക് കവറുകൾ,കിറ്റുകൾ ഇവ നിർത്തലാക്കിയശേഷം കുടുംബശ്രീ സംരംഭക യൂണിറ്റുകൾ നല്ല ഗുണമേന്മയുള്ള ക്യാരി ബാഗുകളും മറ്റും നിർമ്മിക്കാൻ തുടങ്ങി.കരൂർ പഞ്ചായത്തിലെ ഇക്കോ ലൈഫ് എന്ന 5 പേർ അടങ്ങുന്ന സംരംഭക യൂണിറ്റ് വളരെ മികച്ചരീതിയിൽ തന്നെ ക്യാരി ബാഗ് നിർമ്മിച്ച് സപ്പ്ളൈക്കോക്കു നൽകുകയുണ്ടായി.1500 ൽ പരം ക്യാരി ബാഗുകൾ നിർമ്മിച്ച് കൊടുത്തു.**








<u>മാസ്ക് നിർമ്മാണം</u>

**കോവിഡ് എന്ന മഹാമാരി ലോകത്തു വ്യാപിക്കാൻ തുടങ്ങിയപ്പോഴേ സർക്കാർ മാസ്ക് നിർബന്ധമാക്കി.കുടുംബശ്രീ മുഖേന ലക്ഷക്കണക്കിന് മാസ്ക് നിർമ്മിച്ച് വിപണനം ചെയ്യുന്നുണ്ട്.കരൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്സിൽ രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്ന ഇക്കോ ലൈഫ് എന്ന സംരംഭ യൂണിറ്റ് 2000 ത്തിൽ പരം മാസ്ക്കുകൾ നിർമ്മിച്ച് ആരോഗ്യ വകുപ്പിലും,പഞ്ചായത്തിലും,തൊഴിലുറപ്പുകാർക്കും,വ്യക്തിപരമായും നൽകുകയുണ്ടായി.**





<u>ആരോഗ്യ സ്ഥിതി വിലയിരുത്തൽ</u>

**ക്വാറന്റൈനിൽ കഴിയുന്ന 60 വയസ്സിനു മുകളിലുള്ളവരുടെ ആരോഗ്യ സ്ഥിതി RP മാർ വിലയിരുത്തി വിവരങ്ങൾ ഗൂഗിൾ ഫോമിൽ ചേർക്കുന്നു.**

ആശ്രയക്കു തണലായി

സി.ഡി.എസ്സിലെ ആശ്രയ കുടുംബത്തിൽ ഉൾപ്പെട്ട വയസ്സിനു മുകളിലുള്ളവരെ വിളിച്ചുള്ള ക്ഷേമാന്വേഷണം ആണ് ഇതുകൊണ്ടു ഉദ്ദേശിക്കുന്നത്.പാവപ്പെട്ട ആശ്രയ കുടുംബത്തിൽപെട്ടവരെ ഫോണിൽ കൂടെ വിളിച്ച് അവർ നേരിടുന്ന പ്രശ്നങ്ങളും അവരുടെ നിലവിലെ അവസ്ഥയും മനസിലാക്കുകയും ചെയ്യുന്നു.

ഒരു പിടി പച്ചക്കറിയുമായി പൗർണമി കുടുംബശ്രീ

കരൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 14 ലെ പൗർണമി കുടുംബശ്രീ കമ്മ്യൂണിറ്റി കിച്ചണു വേണ്ടി അവരവരുടെ വീട്ടുവളപ്പിലെ പച്ചക്കറികൾ നൽകി മാതൃകയായി.

ശിവപ്രസാദ് .എസ്സ്

എം.കെ.എസ്.പി ബി.സി

ളാലം ബ്ലോക്ക്